# THIRUVANCHOOR
# MARTHAMARIAM CHURCH



**തി**രുവഞ്ചൂർ, പേരൂർ, പാറമ്പുഴ തുടങ്ങിയ സ്ഥലങ്ങളിലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾക്ക് മാതൃദേവാലയമായ മണർകാട് പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് തിരുവഞ്ചൂർ ദേശത്ത് ഒരു ദേവാലയം പണിയണമെന്നുള്ള ആഗ്രഹം പുണ്യശ്ലോകനായ കടവിൽ മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ അറിയിച്ചതനുസരിച്ച് 1074–ാ മാണ്ട് വേങ്കടത്ത് ഐപ്പ്, മാത്യു മുതൽ പേർ പ്രതിഫലം പറ്റാതെ പൊതുവിലേക്ക് നൽകിയ സ്ഥലത്താണ് വി. ദേവാലയം സ്ഥാപിച്ചത്.

1932–ൽ പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായും പരിവാരങ്ങളും ഓരാഴ്ച ക്കാലം ഈ ദേവാലയത്തിൽ താമസിച്ച് നാടിനെ ധന്യമാക്കി. പരിശുദ്ധ ബാവായെ സ്വീകരിച്ച സ്ഥലത്ത് ഒരു കുരിശ് പുതിയവീട്ടിൽ പാപ്പി ദാനമായി നൽകിയ സ്ഥലത്ത് സ്ഥാപിക്കുകയും അത് കാലക്രമേണ ഇന്നത്തെ തിരുവഞ്ചൂർ കുരിശുപള്ളിയായി വളരുകയും ചെയ്തു. യാക്കോബായ സഭയിൽ മഞ്ഞനിക്കര കഴിഞ്ഞാൽ പരി. ബാവായുടെ നാമത്തിലുള്ള ഏറ്റവും വലിയ പെരുനാളായി കുരിശുപള്ളി പെരുനാൾ നട ത്തപ്പെടുന്നു.

ഇടവക ജനങ്ങളുടെ ആഗ്രഹപ്രകാരം 1958–ൽ പഴയപള്ളി പൊളിച്ച് ഇപ്പോൾ കാണുന്ന ദൈവാലയം നിർമ്മിക്കുകയും അഭിവന്ദ്യ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്ത പ്രഥമ ബലി അർപ്പിക്കു കയും ചെയ്തു. 1958–ൽ തിരുവഞ്ചൂർ പി.ഇ.എം. ഹൈസ്കൂളിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് ഇടവക നേതൃത്വം നൽകി. 1965 മുതൽ വേങ്കടത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ വികാരിയായും മണലേൽ ജോസഫ് കത്തനാർ സഹവികാരിയായും സേവനമനുഷ്ഠിച്ചുവന്നു. 1981–ൽ വി. ഗീവർഗീസ് സഹദായുടെ പെരുനാൾ ദിവസം അഭിവന്ദ്യ ഇടവക മെത്രാപ്പോലിത്ത പള്ളിയുടെ വി. മൂറോൻ കൂദാശ നടത്തി. 1982–ൽ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായും പരിവാരങ്ങളും ഈ ഇടവകയിൽ ശ്ലൈഹീക സന്ദർശനം നടത്തുകയും 1986–ൽ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി പെസഹാ വ്യാഴാഴ്ച ദിവസം കാൽകഴുകൽ ശുശ്രൂഷ നടത്തുകയും ചെയ്തു.

1991–ൽ പൂവത്തുംമൂട്ടിൽ പരിശുദ്ധ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിൽ വേങ്കടത്ത് സ്കറിയായുടെ സ്ഥലത്ത് കുടുംബയോഗം പണികഴിപ്പിച്ച കുരിശിൻതൊട്ടി പള്ളിക്ക് കൈമാറി. 1993–ൽ പള്ളിയുടെ കിഴക്കുവശത്തായി പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പണിത കുരിശിൻതൊട്ടി ബാഹ്യകേരള ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനിയാൽ കൂദാശ ചെയ്യപ്പെട്ടു. 1999–ൽ ഒരു വർഷം നീണ്ടുനിന്ന ശതാബ്ദിയാഘോഷങ്ങൾ ഇടവക തലത്തിൽ നടത്തപ്പെടുകയും ഉദ്ഘാടന സമ്മേളനം, വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ, സമാപനസമ്മേളനം, വിവിധ സെമിനാറുകൾ, സമ്മേളനങ്ങൾ എന്നിവ ശതാബ്ദിവർഷത്തിൽ സംഘടിപ്പിക്കുകയും ചെയ്തു. പരിശുദ്ധ സഭയിലെ മെത്രാപ്പോലീത്താമാർ, കേന്ദ്രമന്ത്രി, സംസ്ഥാന മന്ത്രിമാർ, രാഷ്ട്രീയ, സാമൂഹ്യ നേതാക്കന്മാർ എന്നിവർ വിവിധ പരിപാടികളിൽ പങ്കെടുക്കുകയും ശതാബ്ദി സ്മാരകമായി പള്ളിയുടെ പടിഞ്ഞാറ് വശത്ത് ഒരു നാടകശാല പണിയുന്നതിനും പള്ളിവക പാരീഷ്ഹാളിന് വേങ്കടത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ മെമ്മോറിയൽ ഹാൾ എന്ന് നാമകരണം ചെയ്യുന്നതിനും സാധിച്ചു.

1998 ഫെബ്രുവരി 3–ാം തീയതി ദീർഘകാലം ഇടവകവികാരിയായി സേവനം അനുഷ്ഠിച്ച വേങ്കടത്ത് ദിവ്യശ്രീ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെടുകയും പള്ളിയുടെ വടക്കുവശത്ത് കബറടക്കപ്പെടുകയും ചെയ്തു. 2002–ൽ പായിപ്ര കവലയ്ക്ക് സമീപം തുണ്ടിയിൽ ശ്രീ. ബേബി മാത്യു ദാനമായി നൽകിയ സ്ഥലത്ത് പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ നാമത്തിൽ ഒരു കുരിശിൻതൊട്ടി സ്ഥാപിക്കുകയും ആയത് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായാൽ കൂദാശ ചെയ്യപ്പെടുകയും ചെയ്തു.

ഈ പള്ളിയിൽ വേങ്കടത്ത് അലക്സന്ത്രയോസ് കത്തനാർ, കല്ലുങ്കത്ര അച്ചൻ, കുറ്റിക്കാട്ടിൽ അച്ചൻ, മൈലപ്പള്ളിൽ തൊമ്മൻ യാക്കോബ് കത്തനാർ, പാറയിൽ കുര്യാക്കോസ് കത്തനാർ, പയ്യാനിക്കൽ ചെറിയാൻ കശീശ, ഏഴരപ്പറയിൽ കോശി കശീശ, കറുകയിൽ കുര്യാക്കോസ് കശീശ, വടക്കേടത്ത് മാത്യു കശീശ, പണിക്കരുപറമ്പിൽ ബേബി വർഗീസ് കശീശ, കണ്ടമുണ്ടാരിൽ തോമസ് ജെയിംസ് കശീശ, മണ്ണൂർ ജേക്കബ് ചെറിയാൻ കശീശ, തുരുത്തേൽ മാത്യൂസ് കശീശ, കല്ലാപ്പുറത്ത് മാണി കശീശ, വെട്ടുകുഴിയിൽ ജോസഫ് ജോൺ കശീശ എന്നിവർ വികാരിമാരായി സേവനമനുഷ്ഠിച്ച് ഇടവകയുടെ വളർച്ചയിൽ വലിയ പങ്കുവഹിച്ചു.

2005–ൽ പള്ളിക്ക് ഒരു ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുകയും ആയത് ശ്രേഷ്ഠ കാതോലിക്കാ ബാവായാൽ കൂദാശ ചെയ്യപ്പെടുകയും ചെയ്തു. ഈ ഇടവകാംഗങ്ങളായ കോട്ടയിൽ ചെറിയാൻ കശീശ, വേങ്കടത്ത് തോമസ് കശീശ എന്നിവരുടെ സേവനങ്ങൾ എല്ലായ്പ്പോഴും സ്മരണീയമാണ്. ഇപ്പോൾ വന്ദ്യ ചിരവത്തറആൻഡ്രൂസ് കശീശ വികാരിയായും വന്ദ്യ വെട്ടികോട്ട് അലക്സ് തോമസ് കശീശ സഹവികാരിയായും സേവനമനുഷ്ഠിക്കുന്നു.

പരിശുദ്ധ സഭയിലെ ആത്മീയ പ്രസ്ഥാനങ്ങളായ സൺഡേസ്കൂൾ, വി. മർത്തമറിയം വനിതാ സമാജം, യൂത്ത് അസ്സോസിയേഷൻ, അന്ത്യോഖ്യാ സത്യവിശ്വാസ സംരക്ഷണ സമിതി, ശുശ്രൂഷാസംഘം, പ്രാർത്ഥനായോഗങ്ങൾ, മാർ ഇഗ്നാത്തിയോസ് ജീവകാരുണ്യ സമിതി എന്നിവ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. അതത് വർഷങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റിമാർ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവർ ബഹു. വികാരിമാരുമായി യോജിച്ച് പള്ളിയുടെ ദൈനംദിന ഭരണം നടത്തിപ്പോരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ 2002 –ലെ സഭാഭരണഘടനയനുസരിച്ച് സത്യവിശ്വാസത്തിൽ നിലനിൽക്കുവാൻ ഇത്രത്തോളം സഹായിച്ച ദൈവത്തെ നന്ദിയോടെ സ്മരിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

syrianchurch.org